**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ലിന്റോ ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്ത നിക്ഷേപം വ്യവസായ നയത്തിന്റെ ഭാഗമായി അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്ത് നൂറ് കോടിയിലധികം രൂപ മൂലധന നിക്ഷേപമുള്ള വ്യവസായം തുടങ്ങുന്നവർക്ക് എന്തെല്ലാം കാര്യങ്ങളിലാണ് ഇളവുകൾ നൽകുന്നത്; വിശദമാക്കാമോ; | (എ) | കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കി ഒപ്പം വാണിജ്യരംഗത്ത് ഒരു കുതിച്ചുചാട്ടവും ഉണ്ടാക്കി ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകികൊണ്ട് സുഗമമായി വ്യവസായം നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തുകൊണ്ട് രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ ഉയർത്തുക എന്നതാണ് നയത്തിന്റെ വീക്ഷണം. ആയത് പ്രായോഗികമായി നടപ്പിലാക്കുന്നതിനായി ചുവടെ പറയുന്ന കാര്യങ്ങൾ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്ന സംരംഭകന് 20% ഡൗൺ പെയ്മെന്റ് അടച്ച ശേഷം ഭൂമി വിലയുടെ ബാക്കി തുക അടുത്ത 5 വർഷത്തിനുള്ളിൽ തുല്യ തവണകളായി പലിശ ഒഴിവാക്കിക്കൊണ്ട് അടച്ച തീർത്താൽ മതിയാകും. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്റ്റിന് ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 50 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു വ്യവസായ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികൾ 1 വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ടുള്ളതാണ് പ്രസ്തുത നിയമം. ഇത് പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. ഒരു പൊതു അപേക്ഷാഫോറം വഴി സമർപ്പിക്കുന്ന അപേക്ഷ |

| | | | |
|---|---|---|---|
| | | | വേണ്ടത്ര പരിശോധനകൾക്കു ശേഷം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോക്ക് സമർപ്പിക്കുന്നു. പ്രസ്തുത ബ്യൂറോ നിയമപ്രകാരം 7 ദിവസത്തിലൊരിക്കൽ ചേരുകയും അപേക്ഷകളിന്മേൽ ഉചിത തീരുമാനം കൈക്കൊണ്ട് അപേക്ഷകനെ അറിയിക്കുകയും ചെയ്യണം. സംരംഭകൻ ഒരു വർഷത്തിനുള്ളിൽ ആവശ്യമായ അനുമതികൾ ലഭ്യമാക്കി ബ്യൂറോക്ക് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. ഇക്കാലയളവിൽ വ്യവസായ സംരംഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ കെ-സ്വിഫ്റ്റ് മുഖേന അപേക്ഷകൾ സമർപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. |
| (ബി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരം ഒരുക്കുന്നതിന് വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (ബി) | വ്യവസായ സംരംഭം തുടങ്ങാൻ താൽപ്പര്യപ്പെടുന്നവർക്കു അതിനുള്ള അവസരം ഒരുക്കുന്നതിനായി നിലവിൽ വയനാട് ഒഴികെയുള്ള 13 ജില്ലകളിലും വ്യവസായ പാർക്കുകൾ രൂപീകരിച്ച് വ്യവസായ ഭൂമി അനുവദിക്കുന്നുണ്ട്. നിലവിൽ വ്യവസായവകുപ്പിന് കീഴിൽ 13ജില്ലകളിലായി ആകെ 40 വ്യവസായ പാർക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. അനുയോജ്യമായ വ്യവസായ ഭൂമിയുടെ ലഭ്യത കുറവ് മൂലവും, വ്യവസായ ഭൂമിക്കായുള്ള ആവശ്യക്കാർ ഏറിവരുന്ന സാഹചര്യത്തിലാണ് വ്യവസായ പാർക്കിലെ ബഹുനില വ്യവസായ സമുച്ചയം (ഗാല) നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ പാർക്കിലെ ബഹുനില വ്യവസായ സമുച്ചയം (ഗാല) നിർമ്മാണം പൂർത്തിയാക്കി സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ട്, തൃശ്ശൂർ ആലപ്പുഴ ജില്ലകളിലെ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം അന്തിമ ഘട്ടത്തിലാണ് . കെ.എസ്.ഐ.ഡി.സി.യുടെ കിഴിൽ ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി നാല് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ വ്യവസായ വളർച്ചാ കേന്ദ്രം നിലവിൽ കെ.എസ്.ഐ.ഡി.സി.യും ഇൻകെലും ചേർന്നുള്ള ജോയിന്റ് വെൻഞ്ചർ ആയ ഇൻകിഡിന്റെ മേൽ നോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ, തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്കും, പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ഒരു ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കും ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാഫുഡ് പാർക്കും നിലവിലുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ |

| | | | |
|---|---|---|---|
| | | | പാർക്കുകളിലുമായി 541 ഏക്കർ ഭൂമി അടിസ്ഥാന സൗകര്യ വികസനം നടത്തുകയും ഇതിൽ 433 ഏക്കർ ഭൂമി വിവിധ വ്യവസായ സംരംഭങ്ങൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരം ഒരുക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി ലഭ്യത, ജല ലഭ്യത, എന്നിവ ഉറപ്പായിട്ടുണ്ട്. കൂടാതെ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഡെഡിക്കേറ്റഡ് പവർ ഡിസ്ട്രിബ്യൂഷൻ ലൈൻ, സെക്യൂരിറ്റി സിസ്റ്റം, വിവിധ അനുമതികൾക്കായുള്ള ഏക ജാലക സംവിധാനം എന്നിവ നിലവിലുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യവസായ സംരംഭകർക്ക് വേണ്ടി കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്: കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി / ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം, രണ്ടാംഘട്ട വികസനം ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം സ്വകാര്യ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കിൻഫ്രയാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്കും വ്യവസായ പാർക്കുകൾ ആരംഭിക്കാം. |

സെക്ഷൻ ഓഫീസർ